# വ്യവസായ സൗഹൃദ റാങ്കിങ്ങ് കുതിപ്പിന് വിലയേറിയ നിർദ്ദേശങ്ങൾ പങ്ക് വെക്കു



എസ്. ഹരി കിഷോർ ഐ.എ.എസ്.

സമാനതകളില്ലാത്ത വ്യാവസായിക വികസനത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. സംസ്ഥാനങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷം പരിഗണിച്ചിട്ടുള്ള ദേശീയ റാങ്കിങ്ങിൽ ഒരു വർഷം കൊണ്ട് കൈവരിച്ച മികവാർന്ന നേട്ടം ഇതിന് ഏറ്റവും വലിയൊരു തെളിവാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തി കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) അഖിലേന്ത്യ തലത്തിൽ നടത്തിയ റാങ്കിങ്ങിൽ 28 –ാം സ്ഥാനത്തു നിന്ന് 15 ലേക്കാണ് കേരളം കുതിച്ച് മുന്നേറിയത്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് വിലയിരുത്തലിലാണ് കേരളം അസ്പെയർ വിഭാഗത്തിൽ നേടുകയും റാങ്കിങ്ങിൽ വലിയ പുരോഗതി നേടുകയും ചെയ്തത്. ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ നടപ്പിലാക്കി സംരംഭകരിൽ നടത്തിയ അഭിപ്രായ സർവ്വേയുടെ വെളിച്ചത്തിലാണ് സംസ്ഥാനങ്ങളിലെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നേട്ടങ്ങൾ വിലയിരുത്തപ്പെട്ടത്. വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നല്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിയതും നയപരമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയതും ഈ കുതിച്ചു ചാട്ടത്തിന് സഹായിച്ചിട്ടുണ്ട്.

വിവിധ നയങ്ങൾ പരിഗണിച്ച് ഓരോ സംസ്ഥാനങ്ങളിലെയും വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തി റാങ്കിങ്ങ് നിശ്ചയിക്കുന്ന സമ്പ്രദായം ആരംഭിക്കുന്നത് 2014 ലാണ്. 2016 ലാണ് കേരളം ഇതിന്റെ ഭാഗമായത്. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് കേരളത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. പുതിയൊരു സംരംഭം തുടങ്ങാനും സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ച് ഓരോ വർഷവും ഡി.പി.ഐ.ഐ.ടി. എല്ലാ സംസ്ഥാനങ്ങൾക്കുമായി പ്രത്യേക മാർഗനിർദ്ദേശം പുറപ്പെടുവിക്കും. ഇതിന്റെ ഭാഗമായി ഡി.പി.ഐ.ഐ.ടി. വ്യവസായികൾ, നിക്ഷേപകർ, അസോസിയേഷനുകൾ, പൗരന്മാർ എന്നിവയുൾപ്പടെ എല്ലാ ഉപഭോക്താക്കളിൽ നിന്നും വിലയേറിയ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി ഉപയോക്തൃ ഫീഡ്ബാക്ക് സർവേ നടത്തും. ഇങ്ങനെ ലഭിക്കുന്ന അഭിപ്രായം പരിഗണിച്ചാണ് റാങ്ക് നിശ്ചയിക്കുക. 2022 ഡി.പി.ഐ.ഐ.ടി യുടെ അഭിപ്രായ സർവേ 2023 ജൂലായിൽ ആരംഭിക്കുകയാണ്. ഫീഡ്ബാക്ക് ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിയ 22,000 പേരുടെ ഉപയോക്തൃ പട്ടിക സർക്കാർ ഡി.പി.ഐ.ഐ.ടി.ക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പരിഷ്കരണ ശുപാർശയോട് 60 ശതമാനം ഉപയോക്താക്കളും അനുകൂലമായി പ്രതികരിച്ചാൽ മാത്രമേ സംസ്ഥാനത്തിന് മികച്ച മാർക്ക് ലഭിക്കൂ. അഭിമുഖം (ടെലിഫോണിക്, മുഖാമുഖം, വീഡിയോ കോൺഫറൻസ്) അല്ലെങ്കിൽ വാട്ട്സ്ആപ്പ്/എസ്.എം.എസ്./ ഇ മെയിൽ അധിഷ്ഠിത ലിങ്ക് എന്നിവയിലൂടെയാണ് ഉപയോക്തൃ ഫീഡ്ബാക്ക് സ്വീകരിക്കുക. ഉപയോക്താക്കൾ യെസ്/നോ എന്ന് ഉത്തരം നല്കേണ്ടി വരുന്ന തരത്തിലായിരിക്കും ചോദ്യാവലി രൂപകല്പന ചെയ്തിരിക്കുന്നത്.

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ അടുത്ത വർഷം ആദ്യ പത്ത് റാങ്കിൽ എത്തുക എന്നതാണ് ഇനി സർക്കാരിന്റെ ലക്ഷ്യം. സംരംഭകർക്ക് പരാതി നല്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ടോൾ ഫ്രീ കോൾ സെന്റർ സ്ഥാപിച്ചത് ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായിരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളുമെല്ലാം കാലാനുസൃതമായി പരിഷ്കരിച്ചതും വ്യവസായ മേഖലയുടെ ക്ഷേമത്തിനായി സ്വീകരിച്ച നയപരമായ കാര്യങ്ങളുമെല്ലാമാണ് കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തിയത്. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിനാണ് കേരളത്തിന്റെ ഊന്നൽ. ദേശീയ തലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതി കൂടി പരിഗണിക്കുമ്പോൾ ഡി.പി.ഐ.ഐ.ടി.യുടെ റാങ്കിങ്ങിൽ സംസ്ഥാനത്തിന് കൂടുതൽ ഉയർന്ന സ്ഥാനം

നേടാൻ കഴിയുമെന്നാണ് നിഗമനം. പദ്ധതിയിലൂടെ മൂന്ന് ലക്ഷത്തിലധികമാളുകൾക്ക് തൊഴിൽ നല്കാനും എം.എസ്. എം.ഇ. മേഖലയിൽ എട്ടായിരത്തിലധികം കോടിയുടെ നിക്ഷേപം കൊണ്ടു വരാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് ഇനിയും കൂടുതൽ സംരംഭങ്ങളും നിക്ഷേപവും വരാൻ ഈ നേട്ടം സഹായമാവുകയും ചെയ്യും.

സുസ്ഥിര വികസന സൂചികയിൽ വ്യവസായ വികസനം ഉൾപ്പെടെയുള്ള പരിഗണനാവിഷയങ്ങളിൽ ഉയർന്ന നേട്ടം കൈവരിച്ച സർക്കാർ അത് തുടരാനും കൂടുതൽ മികച്ച നേട്ടങ്ങൾ വരും വർഷങ്ങളിൽ സ്വന്തമാക്കാനുമാണ് ശ്രമിക്കുന്നത്. ആ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പൊതുജനങ്ങൾ, വ്യവസായികൾ, വ്യാപാര അസ്സോയിഷനുകൾ എന്നിവർ സർവ്വേയുടെ ഭാഗമാകുകയും നിങ്ങളുടെ നല്ല അനുഭവങ്ങളും വിജയഗാഥകളും വിലയേറിയ നിർദ്ദേശങ്ങളും പങ്കു വെക്കാനും അഭ്യർത്ഥിക്കുകയാണ്. പോസിറ്റീവ് ഫീഡ്ബാക്ക് നല്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നതിനൊപ്പം കൂടുതൽ സംരംഭകരെയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും മൊത്തത്തിലുള്ള സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുകയും ചെയ്യും. അനുമതികളും ലൈസൻസുകളും ലഭിക്കുന്നതിനുള്ള എളുപ്പം, നികുതി ഭരണ കാര്യക്ഷമത, വ്യാപാരം സുഗമമാക്കൽ നടപടികൾ, റെഗുലേറ്ററി നടപടി ക്രമങ്ങളിലെ സുതാര്യത തുടങ്ങി വിവിധ വശങ്ങളാണ് സർവ്വേയിൽ ഉൾക്കൊള്ളുന്നത്. നിങ്ങൾ നല്കുന്ന നിർദ്ദേശങ്ങൾ മെച്ചപ്പെടുത്താനുള്ള മേഖലകൾ തിരിച്ചറിയുന്നതിനും ഭാവി നയങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായിക്കും.

സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്ന ഒരു ബിസിനസ് സൗഹൃദ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ കൂട്ടായ ശ്രമത്തിൽ നിങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. സർവ്വതല സ്പർശിയായതും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കി സർക്കാർ മുന്നേറുമ്പോൾ അതിനൊപ്പം നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ സംസ്ഥാനത്തിന്റെ റാങ്കിങ്ങ് ഉയർത്താനും ശോഭനമായ ഭാവിക്ക് വഴിയൊരുക്കാനും കഴിയും. ■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ്**
**കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു.**
**വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**

## "GST നിയമങ്ങൾ മലയാളത്തിൽ" 2023 എഡിഷൻ




ഇന്ത്യയിൽ ആദ്യമായി **GST** നിയമങ്ങളുടെ മലയാള പരിഭാഷ ലഭ്യമാക്കിയ '**GST** നിയമങ്ങൾ മലയാളത്തിൽ' എന്ന പുസ്തകത്തിന്റെ ആദ്യ എഡിഷന്റെ വൻ വിജയത്തിനു ശേഷം 2023 ജൂലൈ വരെയുള്ള നിയമമാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് '**GST നിയമങ്ങൾ മലയാളത്തിൽ 2023 എഡിഷൻ**' പ്രസിദ്ധീകരണത്തിലേക്ക്.

ഓരോ സെക്ഷനെയും സംബന്ധിക്കുന്ന ആക്റ്റുകൾ, ഭേദഗതികൾ, മറ്റ് സെക്ഷനുകൾ, റൂളുകൾ, നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, റേറ്റ് നോട്ടിഫിക്കേഷനുകൾ എന്നിവ ഓരോ സെക്ഷനുമൊപ്പം ലിസ്റ്റായും, പ്രത്യേകം ക്രോഡീകരിച്ച ഒരു വിപുലമായ പട്ടികയായും നൽകപ്പെട്ടിരിക്കുന്നു.

**GST** നിയമങ്ങളുടെ മലയാള പരിഭാഷ ഇന്ത്യയിൽ എവിടെയും ലഭ്യമല്ലാ എന്ന പ്രശ്നം പരിഹരിക്കുന്നതിനായി അഡ്വ. **K. S.** ഹരിഹരൻ, അഡ്വ. ഹരിമ ഹരിഹരൻ എന്നിവർ രചിച്ച ഈ പുസ്തകത്തിന്റെ പ്രഥമ എഡിഷന്റെ പ്രകാശനം ബഹു. കേരളാ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ആണ് നിർവ്വഹിച്ചത്.

**GST** നിയമങ്ങളിലുണ്ടായ നിരവധി മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും കൂടി ഉൾപ്പെടുത്തി, കൂടുതൽ വിശദമായ വിശദീകരണക്കുറിപ്പുകളോടെയാണ് പുസ്തകത്തിന്റെ രണ്ടാം എഡിഷൻ പുറത്തിറങ്ങുന്നത്.

'**GST** ഒറ്റനോട്ടത്തിൽ' എന്ന പ്രത്യേക പഠനക്കുറിപ്പ് വായനക്കാരുടെ അഭിപ്രായങ്ങൾ മാനിച്ച് 100ഓളം പേജുകൂടി അധികമായുള്ള വിപുലമായ വിശദീകരണക്കുറിപ്പായി പുതിയ എഡിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പുസ്തകം കേരളത്തിൽ പ്രമുഖ നിയമ ബുക്ക് സ്റ്റോറുകളിൽ ജൂലൈ 2023 മുതൽ ലഭ്യമായിരിക്കുന്നതാണ്. **MRP ₹1530/**

പരിമിതമായ സ്റ്റോക്കിന്മേൽ സ്പെഷ്യൽ ഡിസ്കൗണ്ട് വില ലഭ്യമാണ്.
**₹1,350/** എന്ന സ്പെഷ്യൽ ഡിസ്കൗണ്ട് വിലയിൽ പുസ്തകങ്ങൾ ബുക്ക് ചെയ്ത് പോസ്റ്റ് വഴി ലഭിക്കുവാൻ ബന്ധപ്പെടുക

**9846227555** | Google Pay **9746720960**